"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ആഭ്യന്തര വകുപ്പ് - ഫയർ & റെസ്ക്യൂ സർവ്വീസസ് - ആസ്ഥാനകാര്യാലയത്തിലെ ലിഫ്റ്റുകളുടെ ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റ് - പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

ആഭ്യന്തര(എഫ്)വകുപ്പ്

സ.ഉ.(സാധാ) നം.2468/2025/HOME തീയതി,തിരുവനന്തപുരം, 22-07-2025

---

പരാമർശം:- 1. സ.ഉ(സാധാ.) നം.1836/2024/ആഭ്യന്തരം തീയതി 29.06.2024

2. ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 23.04.2025 തീയതിയിലെ FIREHQ/555/2022-G1 നമ്പർ കത്ത്.

## ഉത്തരവ്

ഫയർ & റെസ്ക്യൂ സർവ്വീസസ് ആസ്ഥാനകാര്യാലയത്തിലെ രണ്ട് ലിഫ്റ്റുകളുടെ ആന്വൽ മെയിന്റനൻസ് കോൺട്രാക്ട്, കരാർ ഒപ്പുവെക്കുന്ന തീയതി മുതൽ ഒരു വർഷത്തേക്ക് ലിഫ്റ്റ് നിർമ്മാതാക്കളായ M/s. Kone Elevator India Private Ltd. എന്ന സ്ഥാപനത്തിന് 4,15,915/- രൂപക്ക് നൽകുന്നതിനും, തുക 2024-25 സാമ്പത്തികവർഷത്തെ 2070-00-108-91-N-V ആസ്തിപരിപാലനം എന്ന ശീർഷകത്തിൽ നിന്നു ചെലവഴിക്കുന്നതിനും പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു.

2. എന്നാൽ, ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റ് അനുസരിച്ചുള്ള ബാങ്ക് ഗ്യാരണ്ടി പ്രസ്തുത സ്ഥാപനം നൽകാത്തതിനാൽ, കരാർ പ്രകാരം നൽകേണ്ട തുക അനുവദിക്കപ്പെട്ടില്ല. പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തെ വിഹിതത്തിൽ നിന്നും നൽകുന്നതിന് അനുമതി ലഭ്യമാക്കുന്നതിനായി, പരാമർശം (2) പ്രകാരം ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ ശിപാർശ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫയർ & റെസ്ക്യൂ സർവ്വീസസ് ആസ്ഥാന കാര്യാലയത്തിലെ രണ്ട് ലിഫ്റ്റുകളുടെയും ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റ്, ലിഫ്റ്റിന്റെ നിർമ്മാതാക്കളായ M/s.Kone Elevator India Private Ltd എന്ന സ്ഥാപനത്തിന് 22.8.2024 മുതൽ 21.08.2025 വരെ ഒരു വർഷത്തേയ്ക്ക് നൽകുന്നതിനാവശ്യമായ 4,15,915/-രൂപ (നാല് ലക്ഷത്തി

പതിനഞ്ചായിരത്തി തൊള്ളായിരത്തി പതിനഞ്ച് രൂപ മാത്രം), ആകെ കരാർ കാലാവധിയുടെ പാദങ്ങൾ (quarter) പൂർത്തീകരിക്കുന്ന മുറയ്ക്ക് തുക അനുവദിക്കണം എന്ന നിബന്ധനയോടെ "2070-00-108-91-N-V-ആസ്തിപരിപാലനം" എന്ന ശീർഷകത്തിൽ നിന്നും 2025-26 സാമ്പത്തികവർഷം ചെലവഴിക്കുന്നതിനുള്ള പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SINDHU T S**

ജോയിന്റ് സെക്രട്ടറി

**1)** ഡയറക്ടർ ജനറൽ, കേരള ഫയർ & റെസ്ക്യു സർവ്വീസസ്, തിരുവനന്തപുരം.

**2)** പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) / (എ&ഇ), കേരളം, തിരുവനന്തപുരം.

**3)** ധനകാര്യവകുപ്പ്( 05.07.2025-ലെ വ്യയം-ബി1/154/2024-ഫിൻ പ്രകാരം).

**4)**വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

**5)** കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Shabeer S
Date: 23-07-2025 09:33:16

സെക്ഷൻ ഓഫീസർ